11454
1/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - മലപ്പുറം ജില്ലയിൽ രണ്ടാനച്ഛന്റെ ക്രൂരമർദ്ദനമേറ്റ ഫിദ ഫാത്തിമയുടെ ചികിത്സാ ചെലവ് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 639/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 21.10.2014.

==========================================================================

പരാമർശം:- 08.08.2014, 21.10.2014 എന്നീ തീയതികളിലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.1/17554/14 നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ പെരുന്തൽമണ്ണയ്ക്കടുത്ത് ഒന്നര വയസ്സുള്ള ഫിദ ഫാത്തിമ രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തെ തുടർന്ന് തലയ്ക്കേറ്റ ഗുരുതരമായ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. 20.07.2014 മുതൽ ചികിത്സയിലായിരുന്ന കുട്ടിയെ പൂർണ്ണ സുഖപ്രാപ്തിക്കുശേഷം 29.08.2014-ന് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുകയുണ്ടായി. കുട്ടി ഇപ്പോൾ മലപ്പുറം ജില്ലയിൽ കോടൂരിലെ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫൗണ്ട്ലിംഗ് ഹോമിന്റെ സംരക്ഷണയിലാണ്. ഫിദ ഫാത്തിമയുടെ എല്ലാ ചികിത്സാ ചെലവും സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ പെരുന്തൽമണ്ണയ്ക്കടുത്ത് രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തിനിരയായ ഫിദ ഫാത്തിമയുടെ ചികിത്സാ ചെലവായ 96,331/- രൂപ (തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) ഐ.സി.പി.എസ്-ന്റെ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
(signature)
സെക്ഷൻ ഓഫീസർ.